ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 3291/26

തിയ്യതി : 02.09.2026

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

Usha Pushkaran
W/o. Pushkaran (Late)
Kottekkattu House
Thottathil Lane, Thrissur – 680 005
Ph : 9744844891

പരാതിക്കാരി

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

പരാതിയുടെ സംക്ഷിപ്ത രൂപം :

04/2002 ൽ കൺസ്യൂമർ നം. 8606 - A, പുഷ്ക്കരൻ. കെ.കെ. യുടെ പേരിലുള്ള സർവ്വീസ് കണക്ഷനിൽ 29.04.2026 ൽ ലഭിച്ച ബിൽ മുൻകാല ബില്ലുകളേക്കാൾ വളരെയധികമാണ്. ഭിന്നശേഷിക്കാരനായ മകനും, വിധവയുമായ തനിക്ക് ഈ ബിൽ കുറവ് ചെയ്തു തരണമെന്നാണ് പരാതി.

ഫോറത്തിന്റെ നടപടികൾ :

24.05.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ വിശദമായ സത്യവാങ്മൂലം നൽകുന്നതിന് ലൈസൻസിക്കു വേണ്ടി ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും, ബില്ലിങ്ങ് വിഭാഗത്തിനും അറിയിപ്പ് നൽകി. പരാതി വിശദമായി 26.05.2026 ന് പരിശോധിച്ചു.

വിഷയത്തിൽ ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ സെക്ഷൻ 1 ന്റെ പരിധിയിൽ തോട്ടത്തിൽ ലൈനിലെ 8606 - A, 4/202, പുഷ്ക്കരൻ. കെ.കെ. എന്ന വ്യക്തിയുടെ 29.04.2026 ലെ ബിൽ തുക കൂടിയതുമായി ബന്ധപ്പെട്ടതാണ് വിഷയം, 30.04.2026 ൽ പാർട്ടി തന്ന പരാതി പ്രകാരം പ്രാഥമിക പരിശോധനയിൽ മീറ്റർ ഫോൾട്ടിയായി കണ്ടില്ല. അത് വ്യക്തത വരുത്തുന്നതിനായി ചെക്ക് മീറ്റർ സ്ഥാപിച്ചുള്ള പരിശോധനയിലും മീറ്റർ ഫോൾട്ടി അല്ലെന്ന് സ്ഥിരീകരിച്ചു. ശേഷം കണക്ടഡ് ലോഡ് പരിശോധനയിൽ ടി സ്ഥലത്ത് വീടിന്റെ മുകളിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതായും, കൂടാതെ ഒരു അംഗൻവാടി (ഗ്രൗണ്ട് ഫ്ളോർ സൈഡ് റൂം) പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഇതിൽ മുകളിലെ മുറിയിൽ ഒരു AC (1 ton) പ്രവർത്തിയ്ക്കുന്നതായി കണ്ടു. ആയതിനാൽ Previous Month Units അറിയുന്നതിനായി മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയ്തു. ഇത് പ്രകാരം പരിശോധനയിൽ സ്പോട്ട് റീഡിങ്ങും ഡാറ്റ റീഡിങ്ങും തമ്മിൽ വ്യത്യാസം ഉള്ളതായി

ബോധ്യപ്പെട്ടു. കൂടാതെ ഡാറ്റ റീഡിങ്ങ് പ്രകാരം മുഴുവൻ യൂണിറ്റും പാർട്ടിയുടെ ഉപയോഗം തന്നെയാണെന്ന് സ്ഥിരീകരിച്ചു. പല മാസങ്ങളിലും മീറ്റർ റീഡറുടെ റീഡിങ്ങ് കുറച്ച് ബില്ലിങ്ങ് ചെയ്തതിനാലാണ് പ്രസ്തുത പരാതി പ്രകാരമുള്ള ഒരു ബിൽ പെട്ടെന്ന് കൂടിയതെന്നും മനസ്സിലാക്കുന്നു. ടി സമയത്ത് താൽക്കാലികമായി പുതിയ റീഡറാണ് ബില്ലിങ്ങ് ചെയ്തിട്ടുള്ളത്. ആയതിനാൽ ബിൽ തുക പൂർണ്ണമായും പാർട്ടിയിൽ നിന്ന് ഈടാക്കാവുന്നതാണ്. മീറ്റർ റീഡിങ്ങുമായി ബന്ധപ്പെട്ടു വന്ന അനാസ്ഥ പരിശോധിച്ച് മേൽ നടപടിയ്ക്കായി റിപ്പോർട്ട് സമർപ്പിക്കുന്നു.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.

കൺസ്യൂമർ നമ്പർ : 8606 – A, 3 KW connected Load, LT I A താരിഫ്, സിംഗിൾ ഫേസ്, ദ്വൈമാസ ബില്ലുകൾ നൽകി വരുന്ന കണക്ഷനാണ്. സ്പോട്ട് ബിൽ മീറ്റർ റീഡർ നൽകി വരുന്ന റീഡിങ്ങ് പ്രകാരം കഴിഞ്ഞ ഒരു വർഷത്തെ (12 മാസത്തെ) ഉപയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു.

No.	Bill Date	Previous Reading	Present Reading	Unit	Amount
1	26.06.2025	24498	24998	500	3081
2	25.08.2025	24998	25448	450	3052
3	28.10.2025	25448	25948	500	3525
4	29.12.2025	25948	26448	500	3524
5	27.02.2026	26448	26948	500	3504
6	29.04.2026	26948	28610	1662	17435

19.06.2026 ന് ഫോറത്തിൽ നേരിൽ ഹാജരാകുന്നതിനുള്ള അറിയിപ്പ് നൽകി 19.06.2026 ന് പരാതിക്കാരനു വേണ്ടി ശ്രീമതി. ഉഷപുഷ്ക്കരൻ ഫോറത്തിൽ ഹാജരായി താഴെ പറയുന്ന വസ്തുതകൾ ബോധിപ്പിച്ചു.

മുൻകാലങ്ങളിൽ 3,000/- രൂപ വരെയാണ് ബില്ലുകൾ വന്നിട്ടുള്ളത്. നാലാം മാസത്തിൽ വന്ന ബിൽ തുക 17,435/- രൂപ വളരെ കൂടിയ ബിൽ തുകയാണ്. തളർന്ന് കിടക്കുന്ന മകൻ ഉൾപ്പെടെയുള്ള കുടുംബമാണ് എന്റേത്. മാത്രമല്ല ഞാനൊരു വിധവയുമാണ്. ഈ കണക്ഷനിൽ നിന്നും വീടിന്റെ മുകൾ ഭാഗത്തുള്ള വാടകക്കാരും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. വലിയ ബില്ല് ലഭിച്ചപ്പോൾ ഇലക്ട്രീഷ്യനെ വിളിച്ച് സ്വിച്ച് ബോർഡുകൾ പരിശോധിച്ചതിൽ അപാകതകയൊന്നും കണ്ടെത്തിയില്ല. മീറ്റർ ചെക്ക് ചെയ്തതിൽ മീറ്റർ തകരാറില്ല എന്നും ടി ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഫോറത്തിന്റെ നിഗമനം.

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിംഗ് വിഭാഗം, പരാതിക്കാരി എന്നിവരുടെ സത്യവാങ്മൂലം ഫോറം വിശദമായി പരിശോധിച്ചു. മീറ്റർ തകരാറുണ്ടോ എന്ന് പരിശോധിക്കുന്നതിനു വേണ്ടി 05.05.2026 മുതൽ 12.05.2026 വരെ ചെക്ക് മീറ്റർ വഴി പരിശോധിച്ചു. പരിശോധനയിൽ മീറ്ററിന് അപാകതകൾ ഒന്നും തന്നെയില്ല എന്ന് മനസ്സിലാക്കുന്നു.

തുടർന്ന് ബില്ലിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച സത്യവാങ്മൂലം പരിശോധിച്ചതിൽ ചില അപാകതകൾ ഫോറത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഒരു വർഷത്തെ ബിൽ പരിശോധിച്ചതിൽ യൂണിറ്റിൽ ചില സമാനതകൾ കാണാൻ സാധിച്ചു. റീഡിങ്ങ് ബിൽ താഴെ പറയുന്ന പ്രകാരമാണ്.

ഉപഭോക്തൃ സങ്കട പരിഹാര ഫോറം

No.	Bill Date	Previous Reading	Present Reading	Unit	Amount
1	26.06.2025	24498	24998	500	3081
2	25.08.2025	24998	25448	450	3052
3	28.10.2025	25448	25948	500	3525
4	29.12.2025	25948	26448	500	3524
5	27.02.2026	26448	26948	500	3504
6	29.04.2026	26948	28610	1662	17435

റീഡിങ്ങിൽ എന്തുകൊണ്ടാണ് ഇപ്രകാരം വന്നിട്ടുള്ളത് എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായി മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയ്ത് 7 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ഫോറത്തിൽ സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, മീറ്റർ ഡൗൺ ലോഡ് ചെയ്ത് സമർപ്പിച്ച രേഖകൾ ഇപ്രകാരമാണ്.

Date	History	Unit
01.02.2026	1	252.8
01.03.2026	2	367.6
01.04.2026	3	481.9
01.05.2026	4	374.4
01.06.2026	5	260.5

ഇതു സംബന്ധിച്ച് ലൈസൻസിയുടെ വിശദീകരണം തേടുന്നതിന് ലൈസൻസിയെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറെയും, മീറ്റർ റീഡിംഗ് എടുക്കുന്നവരുമായി ഫോറം തെളിവ് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ കൃത്യമായ വിശദീകരണം നൽകുന്നതിന് ലൈസൻസിക്ക് സാധിച്ചില്ല. എർത്ത് ലീക്കേജ് സാധ്യതകളും, മീറ്റർ റീഡിംഗ് എടുക്കുമ്പോൾ 60 ദിവസത്തിൽ കൂടിയാൽ 60 ദിവസമായി നിജപ്പെടുത്തി നൽകുന്നതാവാം എന്ന അഭിപ്രായം ഫോറം അംഗീകരിച്ചില്ല.

പരാതികളിലും, വീടിന്റെ മുകളിൽ വാടകക്ക് നൽകിയിട്ടുള്ളതും, ആയതിൽ പ്രത്യേക കണക്ഷൻ എടുത്തിട്ടില്ല എന്നും പരാതിക്കാരി അറിയിക്കുകയുണ്ടായി. Air conditioner അടക്കം വാടകക്കാരൻ ഉപയോഗിച്ചതുമായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർന്ന് രണ്ട് വർഷത്തെ റീഡിംഗ് ബില്ലിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചു ആയത് ഇപ്രകാരമാണ്.

No.	Bill Date	Previous Reading	Present Reading	Unit	Amount
1	27.06.2024	21568	22100	532	3749
2	23.08.2024	22100	22500	400	2459
3	24.10.2024	22500	23000	500	3400
4	23.12.2024	23000	23500	500	3398
5	24.02.2025	23500	23998	498	3506
6	26.04.2025	23998	24498	500	3432
7	26.06.2025	24498	24998	500	3081
8	25.08.2025	24998	25448	450	3052
9	28.10.2025	25448	25948	500	3525

10	29.12.2025	25948	26448	500	3524
11	27.02.2026	26448	26948	500	3504
12	29.04.2026	26948	28610	1662	17435

കഴിഞ്ഞ ഒരു വർഷത്തെ ബിൽ പരിശോധയിൽ 6 ബില്ലിൽ 4 ബിൽ 500 യൂണിറ്റ് മിനിമം ഒരു ബിൽ 450 യൂണിറ്റും ഒരു ബിൽ 1662 യൂണിറ്റും ആണ് വന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടു. ഇതിനെ തുടർന്ന് 12 ബില്ലുകൾ പരിശോധിച്ചതിലും ഈ അപാകതകയുണ്ട് എന്ന് വ്യ ക്തമായി 12 ൽ 7 ബില്ലുകളും ഇപ്രകാരം 500 യൂണിറ്റ് ആണ്. ഇപ്രകാരം സംഭവിക്കുന്നതിനുള്ള സാധ്യതയില്ല എന്ന് ഫോറത്തിന് വ്യക്തമായി.

വിശദമായ അവലോകനത്തിലും, Air conditioner അടക്കം വാടക്കാരൻ ഉപയോഗിച്ചു വരുന്നതി നാലും, പ്രത്യേകം കണക്ഷൻ ഇല്ലാതെ ഒരു കണക്ഷനിൽ നിന്നും തന്നെ ഉപയോഗിച്ചു വരുന്ന സാഹചര്യത്തിൽ മീറ്റർ ഡൗൺലോഡിൽ വന്ന റീഡിംഗുകൾ ശരിയാണ് എന്നും, മീറ്റർ ശരിയായ റീഡിങ്ങിൽ ആണ് പ്രവർത്തിച്ചു വരുന്നതെന്ന ലൈസൻസിയുടെ റിപ്പോർട്ട് ശരിയാണ് എന്ന നിഗമനത്തിൽ എത്തിച്ചേർന്നു.

ഇതോടൊപ്പം മീറ്റർ റീഡിംഗിൽ വന്നിട്ടുള്ള അപാകതകൾ ലൈസൻസി മേൽനോട്ടം വഹിക്കേണ്ട സാഹചര്യം ഫോറം ലൈസൻസിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചു. മീറ്റർ റീഡിംഗ് സംബന്ധിച്ച് CEA റെഗുലേഷൻ 2006, പ്രകാരം മീറ്റർ പരിശോധിക്കേണ്ടതാണ്. മീറ്റർ റീഡിംഗ് മേൽ പരിശോധന നടത്തേണ്ടതാണ് എന്നും ഫോറം അഭിപ്രായപ്പെട്ടു. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്ന വിധം സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും ലൈസൻസി നടത്തേണ്ടതാണ് എന്ന് ഫോറം വിലയിരുത്തി.

ഉത്തരവ് നടപടികൾ :

മീറ്റർ തകരാറില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ ബിൽ പ്രകാരം തുക പരാതിക്കാരി അടവാക്കേണ്ടതാണ് എന്ന് ഫോറം ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ

THRISSUR MUNICIPAL CORPORATION ELECTRICITY DEPARTMENT